# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 665 27.04.2017-ൽ മറുപടിയ്ക്ക്

### മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.ജോർജ് എം. തോമസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ്; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പ് വരുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഇതു വഴി ലക്ഷ്യമിടുന്നു. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത |

| | | | |
|---|---|---|---|
| | | | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 18 എണ്ണത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധ ജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിടമില്ലാത്ത എം.ആർ.എസുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും, തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/ യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, എൻ.സി.സി എന്നീ പദ്ധതികളും, സർഗ്ഗോത്സവം എന്ന പേരിൽ സംസ്ഥാനതല കലാമേളയും കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായിക |

| | | | |
|---|---|---|---|
| | | | മേളയും നടത്തുന്നു. വടശ്ശേരിക്കര, ഇടുക്കി, മലമ്പുഴ, തിരുനെല്ലി, കാസറഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 5 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കട്ടേല, ഞാറനീലി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ Node based computer lab സ്ഥാപിച്ചു കഴിഞ്ഞു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിദ്യാർത്ഥികളിലെ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കുന്നതിനായി സയൻസ് എക്സ്പിരിമെന്റ് കിറ്റുകൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നൽകിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആരോഗ്യപരവും മാനസികവുമായ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതിന് JPHN, കൗൺസിലർമാർ എന്നിവരെ വർഷംതോറും ഇന്റർവ്യൂ നടത്തി നിയമിച്ചു വരുന്നു. വ്യക്തിത്വ വികസന ക്ലാസ്സുകൾ വിദ്യാവിസ്മയം എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. |
| ബി) | ഇവിടെ നൈപുണ്യ വികസനത്തിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനത്തിനും സൗകര്യം ലഭ്യമാണോ ; | ബി) | ലഭ്യമാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് SSLC, +2 പരീക്ഷകൾക്കായി ക്ലാസ് സമയം കഴിഞ്ഞും പ്രത്യേക പരിശീലനം നൽകാറുണ്ട്. കലാ കായിക വികസനത്തിനായി സർഗ്ഗോത്സവം, കളിക്കളം പരിപാടികൾ വർഷംതോറും നടത്തി വരുന്നു. ASAP മുഖേന |

| | | | |
|---|---|---|---|
| | | | നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ ടി സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. |
| സി) | മുൻ ബജറ്റിൽ ഇത്തരം സ്കൂളുകളുടെ നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി അറിയിക്കാമോ? | സി) | മുൻ ബജറ്റിൽ ഇത്തരം സ്കൂളുകളുടെ നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

Hariprasad

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ എം.ആർ.എസ്-കളെ സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളേക്കാൾ മെച്ചപ്പെട്ട കെട്ടിട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി 2016-17-ൽ നടത്തിയ 9,90,16,780/-രൂപയുടെ വിവിധ പ്രവർത്തികൾ ചുവടെ പറയുന്നു.

1. എം.ആർ.എസ്, കണ്ണൂർ - 1,91,32,780/- രൂപ (4225-02-277-51-Construction of building for MRS/Ashram Schools (50%CSS)
2. എം.ആർ.എസ്, മൂന്നാർ - 3,43,99,000/- രൂപ (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan)
3. എം.ആർ.എസ്, ചാലക്കുടി - 1,60,00,000/-രൂപ (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan)
4. എം.ആർ.എസ്, മലമ്പുഴ – 2,94,85,000/-രൂപ (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan)

2016-17-ൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എം.ആർ.എസ്, കുളത്തുപ്പുഴ – 63,93,704/- (4225-02-277-52-Construction of building for MRS/Ashram Schools (50%CSS)നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.
2. ഏകലവ്യ എം.ആർ.എസ് പൂക്കോട് - 2,09,23,257/-രൂപ (4225-02-277-52-Construction of building for MRS/Ashram Schools (50%CSS)നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്കും മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കുമായി 2,27,77,450/-രൂപയുടെ വിവിധ പദ്ധതികൾ ചുവടെ പറയുന്ന എം.ആർ.എസ്-കളിൽ നടപ്പിലാക്കിയിട്ടുണ്ട്.

1. ഞാറനീലി സ്കൂളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കുഴൽക്കിണർ നിർമ്മാണം നടന്നുവരുന്നു. - 3,91,000/- രൂപ (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan)
2. കട്ടേല സ്കൂളിൽ മെസ്സ് ഹാളിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി നടന്നു വരുന്നു. - 87,59,829/- രൂപ (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan). കൂടാതെ പാത നിർമ്മാണത്തിനായി 24,99,996/- രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.
3. മലമ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുഴൽ കിണറിൽ നിന്നും പൈപ്പ്

സ്ഥാപിക്കുന്നതിന് 1,03,000/-രൂപ അനുവദിക്കുകയും നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan).

4. കണ്ണൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി ബ്ലോക്കിൽ കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിന് 3,00,000/-രൂപ (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan) ശീർഷകത്തിൽ അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു.

5. വടശ്ശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ മെസ്സ് ഹാൾ വിസ്തീർണ്ണം കൂട്ടൽ, ഡോർമെറ്ററി ഹാൾ, ഓഫീസ് ബിൽഡിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക് പുനർ നിർമ്മാണം, ജനറേറ്റർ റൂം നിർമ്മാണം എന്നീ പ്രവർത്തികൾക്ക് 25,20,000/-രൂപ (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan) എന്ന ശീർഷകത്തിൽ അനുവദിച്ച് നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു.

6. നിലമ്പൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ മെസ്സ് ഹാളിനുള്ളിൽ ഓഡിറ്റോറിയം - 36,25,000/-രൂപ, ഗേറ്റ്, കിച്ചൻ ഗ്രിൽ, ടോയ്‌ലറ്റ് ഗ്രിൽ - 2,03,000/-രൂപ, ടോയ്‌ലറ്റ് ഡോർ, ജനൽ ഗ്ലാസ് മാറ്റൽ - 7,08,000/-രൂപ, ഡോർമെറ്ററി ഷട്ടർ ഉറപ്പിക്കൽ - 8,20,000/-രൂപ, മെസ്സ് ഹാൾ വിസ്തീർണ്ണം കൂട്ടൽ - 2,00,000/-രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan).

7. നൽപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ആൺകുട്ടികളുടെ ഹോസ്റ്റലിലെ പഴയ കെട്ടിട പുനരുദ്ധാരണം, ഓഫീസ് കെട്ടിട നിർമ്മാണം - 26,47,625/-രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. (2225-02-277-49-Management cost for the running of MRS/Ashram Schools -34-OC(Plan)

മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതി മുഖേന രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ (കുറ്റിച്ചൽ - 25 കോടി രൂപ, ആറളം - 25 കോടി രൂപ) നിർമ്മാണത്തിനായി 50 കോടി രൂപയുടെ പ്രൊപ്പോസൽ KIIFB-ൽ സമർപ്പിച്ചിട്ടുണ്ട്.

Haripriya

സെക്ഷൻ ഓഫീസർ